## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(സാന്നിദ്ധ്യം – പ്രേംകുമാർ.വി.ആർ,ഐഎഎസ്)**

തിരുവനന്തപുരം

ഉത്തരവ് നമ്പർ ഇ9/36714/17 തീയതി 29/7/2019

വിഷയം :- സാമൂഹ്യനീതി വകുപ്പ് – ജീവനക്കാര്യം- മേഖല അസിസ്റ്റന്റ് ഡയറക്ടർ തസ്തികയുടെ ചുമതല ക്രമീകരണം - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :-
1. സ.ഉ (കൈ) നം. 5/2019/സാനീവ തീയതി 16/02/2019
2. സ.ഉ (സാധാ) നം.200/2019/സാനീവ തീയതി 08/4/2019
3. സ.ഉ (കൈ) നം.12/2009/സാനീവ തീയതി 04/06/2019
4. സാമൂഹ്യനീതി ഡയറക്ടറുടെ 26/04/2019 ലെ ഇ9/36714(1) നമ്പർ നടപടിക്രമങ്ങൾ
5. വനിതാ ശിശുവികസന ഡയറക്ടറുടെ 14.06.2019 ലെ ഇ1-15600/19/ ഡബ്ല്യൂ.സി.ഡി. നം. കത്ത്.
6. സാമൂഹ്യനീതി ഡയറക്ടറുടെ 17/07/2019 ലെ ഇ9/36714(1) നമ്പർ നടപടിക്രമങ്ങൾ

സാമൂഹ്യനീതി വകുപ്പിലെ മൂന്ന് മേഖല അസിസ്റ്റന്റ് ഡയറക്ടർമാരുടെയും കാര്യാലയങ്ങൾ നിർത്തലാക്കി പരാമർശം (1) പ്രകാരവും മൂന്ന് മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാരെ സാമൂഹ്യനീതി - വനിത ശിശു വികസന ഡയറക്ടറേറ്റുകളിലായി പുനർവിന്യസിച്ച് പരാമർശം (2) പ്രകാരവും സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് പ്രസ്തുത കാര്യാലയങ്ങളിൽ സേവനമനുഷ്ഠിയ്ക്കുന്ന മറ്റ് തസ്തികകളിലെ ജീവനക്കാരെ ഇരു വകുപ്പുകളിലുമായി പുനർവിന്യസിച്ചും കാര്യാലയങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടവും ഓഫീസ് ഉപകരണങ്ങളും വനിത ശിശു വികസന വകുപ്പിന് കൈമാറിയും ഫയലുകൾ വിഷയാസ്പദമായി ജില്ലാതലത്തിൽ തരംതിരിച്ച് ഇരു വകുപ്പുകളിലെയും ജില്ലാ സാമൂഹ്യനീതി ഓഫീസർ/ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് കൈമാറുവാൻ ഇരു ഡയറക്ടർമാർക്കും നിർദ്ദേശം നൽകിയും പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

2. പരാമർശം (2) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൂന്ന് മേഖല അസിസ്റ്റന്റ് ഡയറക്ടർമാരെയും ചുമതലയിൽ നിന്നും വിടുതൽ ചെയ്തും കോഴിക്കോട് മേഖല അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ബിന്ദു ഗോപിനാഥ്, എറണാകുളം മേഖല അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി പ്രീതി വിൽസൺ എന്നിവരെ വനിത ശിശു വികസന ഡയറക്ടറേറ്റിലും തിരുവനന്തപുരം മേഖല അസിസ്റ്റന്റ് ഡയറക്ടർ ശ്രീ മുകുന്ദൻ.യു വിനെ സാമൂഹ്യനീതി ഡയറക്ടറേറ്റിലും പ്രവേശിക്കുവാൻ നിർദ്ദേശിച്ചും മേഖല അസിസ്റ്റന്റ് ഡയറക്ടർമാരുടെ കാര്യാലയങ്ങളിലെ മറ്റ് ജീവനക്കാരുടെ പുനർവിന്യാസവും ഫയൽകൈമാറ്റവും ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാകുന്നതു വരെ പ്രസ്തുത ഉദ്യോഗസ്ഥർക്ക തന്നെ ചുമതല നൽകി പരാമർശം (4) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

3. എന്നാൽ വനിതാശിശു വികസന വകുപ്പ് ഡയറക്ടറേറ്റിൽ അസിസ്റ്റന്റ് ഡയറക്ടർമാരായി നിയമിച്ചിട്ടുള്ള ശ്രീമതി ബിന്ദു ഗോപിനാഥ്, ശ്രീമതി പ്രീതി വിൽസൺ എന്നീ ജീവനക്കാർക്ക് നൽകിയിട്ടുള്ള അധികചുമതല ഒഴിവാക്കി നൽകുവാൻ വനിതാ ശിശുവികസന ഡയറക്ടർ പരാമർശം (5) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മൂന്ന് മേഖല അസിസ്റ്റന്റ് ഡയറക്ടർമാരുടെയും താൽക്കാലിക ചുമതല അതാത് ജില്ലാ വനിതാശിശുവികസന ഓഫീസർമാർക്ക് നൽകി പരാമർശം (6) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ഉത്തരവായിരുന്നു. എന്നാൽ പരാമർശം (1) പ്രകാരം മേഖല അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയങ്ങൾ നിർത്തലാക്കിയിട്ടുള്ള സാഹചര്യത്തിൽ പരാമർശം (6) പ്രകാരമുള്ള ഉത്തരവ് റദ്ദ് ചെയ്യുന്നു.

4. പരാമർശം (3) ലെ സർക്കാർ ഉത്തരവിൻ പ്രകാരം തസ്തിക ഷിഫ്റ്റ് ചെയ്ത് വിവിധ കാര്യാലയങ്ങളിൽ നിയമിച്ചിട്ടുള്ള ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ പരാമർശം (4) പ്രകാരം ചുമതലയുള്ള ഉദ്യോഗസ്ഥർ വിടുതൽ ചെയ്യേണ്ടതും ജീവനക്കാർ ബന്ധപ്പെട്ട കാര്യാലയമേധാവി മുമ്പാകെ ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. വിടുതൽ/ പ്രവേശനം സംബന്ധിച്ച വിവരം കാര്യാലയമേധാവികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്. പരാമർശം (3) പ്രകാരമുള്ള മറ്റു നടപടികളും പരാമർശം (4) പ്രകാരം ചുമതലയുള്ള ഉദ്യോഗസ്ഥർ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.

(ഒപ്)
സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ്</u>

1. അക്കൗണ്ടന്റ് ജനറൽ, കേരള (ആമുഖ കത്ത് സഹിതം)
2. ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്
3. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സീനിയർ ഫിനാൻസ് ഓഫീസർ
4. ബന്ധപ്പെട്ട ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക്
5. ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക്
6. സൂപ്രണ്ട്, ഐറ്റി സെക്ഷൻ (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)
7. സാമൂഹ്യനീതി ഡയറക്ടറുടെ സി.എ യ്ക്ക്.
8. സ്റ്റോക്ക് ഫയൽ/സെക്ഷൻ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

119

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - സാമൂഹ്യ നീതി വകുപ്പിലെ നിർത്തലാക്കിയ മേഖലാ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ജീവനക്കാരെ വനിത ശിശു വികസന വകുപ്പിലേയ്ക്കും സാമൂഹ്യ നീതി വകുപ്പിലേയ്ക്കും പുനർവിന്യസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാമൂഹ്യ നീതി (എ) വകുപ്പ്**

സ.ഉ (**കൈ**) നം.**12/2019/സാ.നീ.വ.** തീയതി, തിരുവനന്തപുരം, **04.06.2019**

പരാമർശം:
1) സ.ഉ (കൈ) നം.5/2019/സാ.നീ.വ. തീയതി 16.02.2019.
2) സ.ഉ (സാധാ) നം.200/2019/സാ.നീ.വ. തീയതി 08.04.2019.
3) വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 05.03.2019 ലെ ഇ 1/5195/19/ഡബ്ല്യു.സി.ഡി. നമ്പർ കത്ത്.
4) സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ 26.04.2019 ലെ ഇ 9/36714/17 (1) നമ്പർ കത്ത്.

**ഉത്തരവ്**

സാമൂഹ്യ നീതി വകുപ്പിലെ മൂന്ന് മേഖലാ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയങ്ങൾ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) നിർത്തലാക്കിയും അവിടെ അനുവദിക്കപ്പെട്ടിട്ടുള്ള 19 തസ്തികകൾ ഇരു ഡയറക്ടറേറ്റിലേയ്ക്കുമായി പുനർവിന്യസിച്ചും പരാമർശം (1) പ്രകാരം ഉത്തരവാകുകയുണ്ടായി. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേഖലാ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ മൂന്ന് റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർമാരെ ഇരു ഡയറക്ടറേറ്റുകളിലുമായി പുനർവിന്യസിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്. മറ്റു ജീവനക്കാരുടെയും, മേഖലാ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, ടി ഓഫീസിലെ ഉപകരണങ്ങൾ, വാഹനങ്ങൾ തുടങ്ങിയ കാര്യങ്ങളിലെ പുന:ക്രമീകരണങ്ങളുടെ ഉത്തരവ് പ്രത്യേകിച്ച് പുറപ്പെടുവിക്കുന്നതായിരിക്കും എന്ന് ടി ഉത്തരവിൽ അറിയിച്ചിരുന്നു.

2) മേഖലാ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയങ്ങളിലെ ജീവനക്കാരുടെ പുനർവിന്യാസവുമായി ബന്ധപ്പെട്ട് വനിത ശിശു വികസന ഡയറക്ടർ പരാമർശം (3) പ്രകാരവും സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരവും പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യ നീതി വകുപ്പിലെ നിർത്തലാക്കിയ 3 മേഖലാ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയങ്ങളിലെ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) ജീവനക്കാരെ താഴെപ്പറയും പ്രകാരം പുനർവിന്യസിച്ചും ടി കാര്യാലയങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടം, ഫർണ്ണിച്ചറുകളും ഇലക്ട്രോണിക്സ് ഉപകരണങ്ങളും ഉൾപ്പെടെ, വനിത ശിശു വികസന വകുപ്പിന് കൈമാറിയും, ടി കെട്ടിടം പുതുതായി സൃഷ്ടിക്കപ്പെട്ട ജില്ലാ വനിത ശിശു വികസന ആഫീസറുടെ കാര്യാലയമായി നിശ്ചയിച്ചും ഇതോടൊപ്പം നിലവിലുള്ള ജില്ലാ ശിശു സംരക്ഷണ ഓഫീസർ, പ്രോഗ്രാം ഓഫീസർ, വനിത പ്രൊട്ടക്ഷൻ ഓഫീസർ എന്നിവരുടെ ഓഫീസുകൾ ടി കാര്യാലയവുമായി സംയോജിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് വനിത ശിശു വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയും തിരുവനന്തപുരം മേഖലാ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിലവിലുള്ള KL-01-P-4442 അംബാസിഡർ കാർ വനിത ശിശു വികസന വകുപ്പ് ഡയറക്ടറേറ്റിലേയ്ക്കും എറണാകുളം മേഖലാ അസിസ്റ്റന്റ് ഡയറക്ടറുടെ ഔദ്യോഗിക വാഹനമായ KL-01-U-8959 നമ്പർ അംബാസിഡർ കാർ വനിത ശിശു വികസന വകുപ്പിന് കീഴിലുള്ള എറണാകുളം ജില്ലാതല ഐ.സി.ഡി.എസ്. സെല്ലിലേയ്ക്കും ,കോഴിക്കോട് മേഖലാ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിലവിലുള്ള

KL-01-P-4443 നമ്പർ അംബാസിഡർ കാർ കോഴിക്കോട് ജില്ലാ സാമൂഹ്യ നീതി ഓഫീസ് കൈമാറ്റിയും ഉത്തരവാകുന്നു.

1. **മേഖലാ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം**

| ക്രമ നം. | ജീവനക്കാരുടെ പേര്, തസ്തിക | തസ്തിക ഷിഫ്റ്റ് ചെയ്ത് അനുവദിക്കുന്ന കാര്യാലയവും വകുപ്പും | മറ്റു വിവരങ്ങൾ |
|---|---|---|---|
| 1 | ശ്രീ. അജിത്ത് കുമാർ.റ്റി, ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ. | ചിൽഡ്രൻസ് ഹോം, കൊല്ലം (വനിത ശിശുവികസന വകുപ്പ്) | |
| 2 | ശ്രീ. ബിനുറോയ്. എൻ.കെ, ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ. | ചിൽഡ്രൻസ് ഹോം & സ്പെഷ്യൽ ഹോം, തിരുവനന്തപുരം. (വനിത ശിശു വികസന വകുപ്പ്) | |
| 3 | ശ്രീമതി ശ്രീകല ക്ലാർക്ക്-ടൈപ്പിസ്റ്റ്. | ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസ്, പെരുങ്കടവിള (വനിത ശിശു വികസന വകുപ്പ്) | |
| 4 | ശ്രീ.ഹരികുമാർ. എ, ഓഫീസ് അറ്റൻഡന്റ്. | വനിത ശിശു വികസന ഡയറക്ടറേറ്റ് (വനിത ശിശു വികസന വകുപ്പ്) | |
| 5 | ശ്രീ. സന്തോഷ് എസ്. ഡ്രൈവർ. | വനിത ശിശു വികസന ഡയറക്ടറേറ്റ് (വനിത ശിശു വികസന വകുപ്പ്) | വാഹനം ഉൾപ്പെടെ (KL-01-P-4442) |
| 6 | പാർട്ട് ടൈം സ്വീപ്പർ. | വനിത ശിശു വികസന ഡയറക്ടറേറ്റ് (വനിത ശിശു വികസന വകുപ്പ്) | തസ്തിക ഒഴിഞ്ഞു കിടക്കുന്നു. |

2. **മേഖലാ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, എറണാകുളം**

| ക്രമ നം. | ജീവനക്കാരുടെ പേര്, തസ്തിക | തസ്തിക ഷിഫ്റ്റ് ചെയ്ത് അനുവദിക്കുന്ന കാര്യാലയവും വകുപ്പും | മറ്റ് വിവരങ്ങൾ |
|---|---|---|---|
| 1 | ശ്രീ. ബിജു. പി.എം, ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ. | ചിൽഡ്രൻസ് ഹോം (ബോയ്സ്) തൃശ്ശൂർ (വനിത ശിശു വികസന വകുപ്പ്) | |
| 2 | ശ്രീമതി. പി. ഗീത, ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ. | ചിൽഡ്രൻസ് ഹോം, പത്തനംതിട്ട (വനിത ശിശുവികസന വകുപ്പ്) | |
| 3 | ശ്രീമതി. മഞ്ജു. എം.കെ, ക്ലാർക്ക്-ടൈപ്പിസ്റ്റ് | ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസ്, വടവുകോട് (വനിത ശിശു വികസന വകുപ്പ്) | |
| 4 | ശ്രീ. രൂപേഷ്. കെ.എം, ഓഫീസ് അറ്റൻഡന്റ്. | ജില്ലാ വനിത ശിശു വികസന ഓഫീസ്, എറണാകുളം. (വനിത ശിശു വികസന വകുപ്പ്) | |
| 5 | ശ്രീ. തിലകൻ. സി, ഡ്രൈവർ. | ജില്ലാതല ഐ.സി.ഡി.എസ്. സെൽ, എറണാകുളം | വാഹനം ഉൾപ്പെടെ (KL-01-U-8959) |

3. **മേഖലാ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, കോഴിക്കോട്**

| ക്രമ നം. | ജീവനക്കാരുടെ പേര്, തസ്തിക | തസ്തിക ഷിഫ്റ്റ് ചെയ്ത് അനുവദിയ്ക്കുന്ന കാര്യാലയവും വകുപ്പും | മറ്റ് വിവരങ്ങൾ |
|---|---|---|---|
| 1 | ശ്രീ. ഷിജു. പി.കെ, ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ. | ചിൽഡ്രൻസ് ഹോം (ബോയ്സ്), കോഴിക്കോട്. (വനിത ശിശു വികസന വകുപ്പ്) | |
| 2 | ശ്രീ. ഷാഫി. കെ, ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ. | ചിൽഡ്രൻസ് ഹോം (ബോയ്സ്), തവനൂർ, മലപ്പുറം. (വനിത ശിശു വികസന വകുപ്പ്) | |
| 3 | ക്ലാർക്ക് ടൈപ്പിസ്റ്റ്. | ജില്ലാ സാമൂഹ്യ നീതി ഓഫീസ്, കോഴിക്കോട്. സാമൂഹ്യ നീതി വകുപ്പ്. | തസ്തിക ഒഴിഞ്ഞു കിടക്കുന്നു. |
| 4 | ശ്രീ. ജയചന്ദ്രൻ, ഡ്രൈവർ. | ജില്ലാ സാമൂഹ്യ നീതി ഓഫീസ്, കോഴിക്കോട്. (സാമൂഹ്യ നീതി വകുപ്പ്) **നിലവിലുള്ള ഓപ്പൺ ഒഴിവ്** | വാഹനം ഉൾപ്പെടെ (KL-01-P-4443). ഡ്രൈവർ തസ്തിക സാമൂഹ്യ നീതി ഡയറക്ടറേറ്റിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുന്നു. |
| 5 | ശ്രീ. ഉണ്ണി. എം, ഓഫീസ് അറ്റൻഡന്റ് | ജില്ലാ സാമൂഹ്യ നീതി ഓഫീസ്, കോഴിക്കോട്. (സാമൂഹ്യനീതി വകുപ്പ്) | |

**4)** മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാരുടെ കാര്യാലയത്തിൽ നിലവിലുള്ള ഫയലുകൾ വിഷയാസ്പദമായി ജില്ലാതലത്തിൽ തരംതിരിച്ച് ഇരു വകുപ്പുകളിലേയും ബന്ധപ്പെട്ട ജില്ലാ സാമൂഹ്യ നീതി ഓഫീസർ/ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് കൈമാറുന്നതിനുള്ള നടപടി ഇരു ഡയറക്ടർമാരും രണ്ടാഴ്ചയ്ക്കുള്ളിൽ സ്വീകരിയ്ക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ബിജു പ്രഭാകർ,**

**സ്പെഷ്യൽ സെക്രട്ടറി.**

ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ)/എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.